**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46 — 28.02.2017-ൽ മറുപടിക്ക്

**നോട്ട് അസാധുവാക്കൽ മൂലം വിനോദസഞ്ചാര മേഖല നേരിട്ടുന്ന പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന സമ്പദ്ഘടനയിൽ നിർണ്ണായക പങ്കുള്ള വിനോദ സഞ്ചാരമേഖലയിൽ, നോട്ട് അസാധുവാക്കിയ നടപടിയും പണവിനിമയത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണവും ഏല്പിച്ച ആഘാതത്തിന്റെ വ്യാപ്തി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) 2016 നവംബർ 8 അർദ്ധരാത്രി മുതൽ നിലവിൽ വന്ന 500-ന്റെയും 1000-ന്റെയും നോട്ട് അസാധുവാക്കൽ നടപടി ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചു എന്നു മനസിലാക്കുന്നതിലേക്കായി ഒരു "ക്വിക്ക് സർവേ" 2016 ഡിസംബർ 1 ന് വകുപ്പ് തലത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വേയിൽ ഹോട്ടൽ, ഹൗസ് ബോട്ട്, ടൂർ ഓപ്പറേറ്റർ എന്നിവർ ഉൾപ്പെട്ട സാമ്പിളുകളിൽ നിന്നും വിവരശേഖരണം നടത്തുക യുണ്ടായി. പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത പ്രതിസന്ധി മറികടക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | നോട്ട് നിരോധനം വിനോദ സഞ്ചാരികൾക്ക് സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനായി ടൂറിസം വകുപ്പ് താഴെ |

പറയുന്ന നടപടികൾ സ്വീകരിച്ചു.

- ടൂർ ഓപ്പറേറ്റർമാരുമായി സഹകരിച്ച് വിദേശ സഞ്ചാരികൾക്ക് പണലഭ്യത ഉറപ്പു വരുത്താൻ ശ്രമം നടത്തി.
- ഹോട്ടലിയേഴ്സിനെയും മറ്റും ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തി.
- ടൂറിസവുമായി ബന്ധപ്പെട്ട കൗണ്ടറുകളിൽ ക്യാഷ് ലെസ് പണമിടപാടുകൾക്ക് സൗകര്യങ്ങൾ ഒരുക്കാൻ നടപടി ആരംഭിച്ചു.
- ടൂറിസം ഇൻഫർമേഷൻ സെന്ററുകളിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചു.

| | |
|---|---|
| സി) പ്രതിസന്ധി നേരിടുന്ന വിനോദ സഞ്ചാര മേഖലയെ കരകയറ്റാനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) ശക്തമായ വിപണന തന്ത്രങ്ങൾവഴി വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള ശ്രമം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2016 ഡിസംബർ 1 ന് നടത്തിയ "ക്വിക്ക് സർവ്വേ" യിലെ പ്രധാന കണ്ടെത്തലുകൾ

- വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 15 മുതൽ 20 ശതമാനം വരെ കുറവ് ഉണ്ടാകുമെന്ന് വിലയിരുത്തപ്പെടുന്നു.
- ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 20 മുതൽ 40 ശതമാനം വരെ കുറവ് ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.
- മുൻകൂർ ബുക്കിംഗിനെ ഇത് ബാധിച്ചിട്ടുണ്ട്. ഇതിലുണ്ടായകുറവ് 25 മുതൽ 30 ശതമാനം വരെയാണ്.
- നവംബർ മാസത്തിൽ ആകെ 30% ഹൗസ് ബോട്ടുകൾ മാത്രമാണ് പ്രവർത്തിച്ചത്.
- ഹോട്ടലുകളിലെ ഫുഡ് & ബിവറേജസിന്റെ വിൽപനയിൽ 20 മുതൽ 25 ശതമാനം വരെ കുറവ് ഉണ്ടായി.
- നോട്ട് അസാധുവാക്കൽ മീറ്റിംഗുകൾ, കോൺഫറൻസുകൾ, സാഹസിക ടൂറിസം എന്നിവയെ കാര്യമായി ബാധിച്ചു.
- വിനോദസഞ്ചാരികളുടെ ഉപഭോഗത്തിനും മറ്റാവശ്യങ്ങൾക്കായും ചെലവഴിക്കുന്ന പണത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ടതുകൊണ്ട് ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാധാരണക്കാരെ ഇത് കാര്യമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.